# കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. 120/2026 തിരുവനന്തപുരം, തീയതി: 12/06/2026

## പത്രക്കുറിപ്പ്

## പരീക്ഷാ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2026 ജൂൺ 17 മുതൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബിഎഡ് ഡിഗ്രി പരീക്ഷയിൽ 2026 ജൂൺ 22, 29 എന്നീ ദിവസങ്ങളിലെ പരീക്ഷകൾ മാത്രം യഥാക്രമം 2026 ജൂലൈ 03, ജൂലൈ 06 എന്നീ തീയതികളിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. മറ്റ് ദിവസങ്ങളിലെ പരീക്ഷകൾക്ക് മാറ്റമില്ല.

## കേരള സർവകലാശാലയിൽ MSW കോഴ്സിന് അപേക്ഷിക്കാം.

**2025-26** അധ്യയന വർഷം വരെ എൻട്രൻസ് ടെസ്റ്റ് വഴി അഡ്മിഷൻ നടത്തിയിരുന്ന **MSW (Master of Social Work)** കോഴ്സിന്റെ **2026-27** വർഷത്തെ അഡ്മിഷൻ **Centralized Allotment Process** വഴി നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഈ കോഴ്സിന്റെ അക്കാഡമിക് എലിജിബിലിറ്റി, റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ എന്നിവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ **PG** പ്രോസ്പെക്ടസ് **2026-27** ൽ (**https://admissions.keralauniversity.ac.in/pg2026/pdfs/PG_Prospectus_2026.pdf**) ലഭ്യമാണ്. കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള താഴെ പറയുന്ന കോളേജുകളിലാണ് **MSW** കോഴ്സ് ലഭ്യമായിട്ടുള്ളത്.

| College Name |
|---|
| CHMM College for Advanced Studies, Chavarkode |
| Sree Vidyadhiraja College of Arts and Science, Karunagappally |
| Don Bosco College, Kottiyam, Kollam. |
| Vigyaan College of Applied Science,Kattakada |
| National College, Ambalathara, TVPM |
| Christ Nagar College Maranalloor,Thiruvananthapuram |

കേരള സർവകലാശാലയ്ക്ക് കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ അഡ്മിഷൻ പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ് (**https://admissions.keralauniversity.ac.in/pg2026/** ). അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **2026** ജൂൺ **21.** ഹെൽപ്‌ലൈൻ നമ്പർ: **8281883052**

# ഒന്നാം വർഷ ബിരുദ പ്രവേശനം (FYUGP) 2026-27

കേരളസർവകലാശാലയുടെ നാല് വർഷ ബിരുദ (**FYUGP**) പ്രവേശനത്തിനുള്ള അഡ്മിഷൻ പോർട്ടലിൽ നിലവിലുള്ള കോളേജുകൾ/കോഴ്സുകൾക്ക് പുറമെ **G. Karunakaran Memorial Co-Operative College of Management, Karakulam, Thiruvananthapuram,** കോളേജിൽ ചുവടെ ചേർത്തിരിക്കുന്ന കോഴ്സ് ഉൾപ്പെടുത്തിയിട്ടുണ്ട്.

| Sl. No | College | Courses |
|---|---|---|
| 1 | G. Karunakaran Memorial Co-Operative College of Management, Karakulam, Thiruvananthapuram | B.B.A |

അപേക്ഷ സമർപ്പിക്കുന്നതിലേക്കുള്ള അവസാന തീയതിയായ **2026** ജൂൺ **14** വരെ കോളേജ്/കോഴ്സ് ഓപ്ഷനുകൾ നൽകാനും പുനഃക്രമീകരിക്കാനും സാധിക്കുന്നതാണ്. ആയതിലേക്കായി സർവകലാശാല വെബ്സൈറ്റ് (**https://admissions.keralauniversity.ac.in/fyugp2026**) സന്ദർശിക്കുക.

## പരീക്ഷാഫലം

കേരളസർവകലാശാല 2026 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിഎ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 21 **SLCM** പോർട്ടൽ വഴി ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2026 ജൂലൈ 14 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബിഎ/ബികോം/ബിബിഎ/ബിഎസ്സി (ഐ.ടി) എൽഎൽബി ബിരുദ പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in